**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 304** **22-02-2022 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ വർഷത്തെ രണ്ടാം വിള നെല്ല് സംഭരണം സുഗമമായും സമയബന്ധിതമായും പൂർത്തിയാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് രണ്ടാംവിള നെല്ല് സംഭരണത്തിനുള്ള കർഷക രജിസ്ട്രേഷൻ നടപടികൾ 2022 ജനുവരി 1-ാം തീയതി മുതൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ നെല്ല് സംഭരണത്തിന് ആവശ്യമായ ഉദ്യോഗസ്ഥരെ വിവിധ ജില്ലകളിലേയ്ക്ക് യഥാസമയം നിയോഗിച്ചുകൊണ്ട് സംസ്ഥാനത്ത് രണ്ടാംവിള നെല്ല് സംഭരണം നാളിതുവരെ സുഗമമായി നടത്തുകയും കർഷകർക്ക് നെല്ലിന്റെ വില യഥാസമയം നൽകി വരുകയും ചെയ്യുന്നുണ്ട്. 2021-22 സംഭരണ സീസണിൽ നാളിതുവരെ 91103 കർഷകരിൽ നിന്നും 2,29,591.64 മെട്രിക് ടൺ അരി സംഭരിക്കുകയുണ്ടായി. കർഷകർക്ക് നൽകേണ്ട 642 കോടി രൂപയിൽ 82892 കർഷകർക്ക് 599 കോടി രൂപ നൽകിയിട്ടുണ്ട്. ബാക്കി വരുന്ന 8211 കർഷകർക്ക് 43 കോടി രൂപ നൽകുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | നെല്ല് സംഭരണത്തിനായി മില്ലുടമകളുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | 2021-22 നെല്ല് സംഭരണ സീസണിൽ 57 മില്ലുകളുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. 55 മില്ലുകൾ സ്വകാര്യ മേഖലയിൽ ഉള്ളതും, മറ്റ് 2 മില്ലുകളിൽ കോട്ടയം ജില്ലയിലെ ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് മിൽ സർക്കാർ മേഖലയിൽ ഉള്ളതും, പാലക്കാട് ജില്ലയിലെ പാഡികോ മിൽ സഹകരണ മേഖലയിൽ ഉള്ളതുമാണ്. 2021 സെപ്റ്റംബർ മാസം ആരംഭിച്ച് 2022 നവംബർ മാസം അവസാനിക്കുന്ന തരത്തിൽ 2021-22 സീസണിലേയ്ക്കാണ് മില്ലുടമകളുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. ആകെ കരാറിൽ ഏർപ്പിട്ടിട്ടുള്ള 57 മില്ലുകളിൽ ആലപ്പുഴ ജില്ലയിലെ 1 മില്ലും കോട്ടയം ജില്ലയിലെ 2 മില്ലും, എറണാകുളം ജില്ലയിലെ 33 മില്ലും തൃശ്ശൂർ ജില്ലയിലെ 1 മില്ലും പാലക്കാട് ജില്ലയിലെ 20 മില്ലുകളും ഉൾപ്പെടുന്നു. കർഷകരിൽ നിന്ന് കേന്ദ്ര സർക്കാർ മാനദണ്ഡ പ്രകാരമുള്ള നെല്ല് സംഭരിച്ച്, സംസ്കരിച്ച് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള |

| | | | |
|---|---|---|---|
| | | | നിശ്ചിത ഗുണനിലവാരത്തിലുള്ള അരിയാക്കി നിശ്ചിത ഗുണനിലവാരത്തിലുള്ള ചാക്കിൽ നിറച്ച് തിരികെ തരുന്നതിന് കടത്തുകൂലി, സംസ്കരണ കൂലി, ചാക്കിന്റെ വില എന്നിവ ഉൾപ്പെടെയുള്ള എല്ലാ ചിലവുകളും ഉൾപ്പെടെ ക്വിന്റലിന് 202 രൂപ നിരക്കിൽ മില്ലുകൾക്ക് സംഭരണ, സംസ്കരണ കൂലി നൽകുന്നു. ഗുണനിലവാര പരിശോധന കഴിഞ്ഞശേഷം തുടർച്ചയായ 3 മാസം വരെയുള്ള കാലം അരിയുടെ ഗുണനിലവാരത്തിൽ മില്ലുകൾക്ക് ബാധ്യതയുണ്ട്. കരാർ ലംഘിക്കുന്ന മില്ലുടമയിൽ നിന്നും കരാർ പ്രകാരം 20,000 രൂപ പിഴ ഈടാക്കുന്നതാണ്. കൂടാതെ കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ലിന്റെ 64.5% നിരക്കിൽ അരി തിരികെ സപ്ലൈകോയ്ക്ക് നൽകാത്തപക്ഷം ആയതിന്റെ നഷ്ടം കണക്കാക്കി പ്രസ്തുത നഷ്ടവും നഷ്ടത്തിന്റെ 25% പിഴയും ചേർന്ന തുകയും മില്ലുടമ നൽകുന്ന ബാങ്ക് ഗ്യാരൻറി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയിൽ നിന്നായി ഈടാക്കുന്നതാണ്. ഇതിനുപുറമെയുള്ള തുക മറ്റ് നിയമനടപടികളിലൂടെയും ഈടാക്കുന്നു. ഗുരുതരമായ കൃത്യ വിലോപം/കരാർ ലംഘനം വരുത്തുന്ന മില്ലുകളെ കരിമ്പട്ടികയിൽപ്പെടുത്തുന്ന നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | സംഭരിക്കുന്ന നെല്ലിന്റെ കൈകാര്യ ചിലവുകൾക്കായി ഒരു ക്വിന്റൽ നെല്ലിന് എത്ര രൂപയാണ് മില്ലുടമകൾക്ക് നൽകി വരുന്നത് എന്ന് അറിയിക്കാമോ; | (സി) | സംഭരിക്കുന്ന നെല്ലിന്റെ കൈകാര്യ ചിലവുകൾക്കായി ഒരു ക്വിന്റൽ നെല്ലിന് 202/- രൂപയാണ് മില്ലുടമകൾക്ക് നൽകി വരുന്നത്. നെല്ല് സംഭരണത്തിനുവേണ്ടിയുള്ള ചാക്ക്, ഇലക്ട്രോണിക് ത്രാസ്, POS മെഷീൻ, വാഹനങ്ങൾ എന്നിവ സജ്ജീകരിക്കുന്നതിനുള്ള ചിലവ് തുക, കടത്തുകൂലി, കേടുകൂടാതെ നെല്ല് സൂക്ഷിക്കുന്നതിനുള്ള ചിലവ് തുക, സംസ്കരണ കൂലി, അരി നിറയ്ക്കുന്നതിനുള്ള പുതിയ ചാക്കിന്റെ ചിലവ് തുക, മില്ലിലുള്ള കയറ്റിറക്ക് കൂലികൾ തുടങ്ങിയ ഇനങ്ങൾക്കായി ആകെ ക്വിൻറലിന് 214 രൂപ നിരക്കിൽ 11.07.2017 ലെ സ.ഉ. (കൈ) നം 15/2017/ഭ.പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചു നല്കിയിട്ടുണ്ട്. എന്നാൽ 28.10.2021 ലെ സ.ഉ.(കൈ) നം. 31/2021/ഭ.പൊ.വിവ. പ്രകാരം മില്ലുടമകൾക്ക് നല്കി വരുന്ന പ്രോസസ്സിംഗ് ചാർജ്ജും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും ഉൾപ്പെടെ ക്വിന്റലിന് 214/- രൂപ എന്ന നിരക്കിൽ നിന്നും, കർഷകർക്ക് കയറ്റുകൂലിയായി 12/- രൂപ/ക്വിന്റൽ എന്ന നിരക്കിൽ സപ്ലൈകോ നേരിട്ട് നൽകുന്നതിലേയ്ക്ക് ടി തുക കുറച്ച് മില്ലുകൾക്ക് നല്കുന്ന പ്രോസസ്സിംഗ് ചാർജ്ജ് 202/- രൂപ/ക്വിന്റലിന് എന്ന നിരക്കിൽ പുനഃനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത തുക നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങളും ഓരോ ഇനത്തിനും വരുന്ന ചിലവുകൾ കണക്കാക്കുന്ന രീതിയും വിശദമാക്കാമോ? | (ഡി) | സംഭരിക്കുന്ന നെല്ലിന്റെ കൈകാര്യ ചിലവുകൾക്കായി ഒരു ക്വിന്റൽ നെല്ലിന് 202/- രൂപയാണ് മില്ലുടമകൾക്ക് നൽകി വരുന്നത്. നെല്ല് സംഭരണത്തിനുവേണ്ടിയുള്ള ചാക്ക്, ഇലക്ട്രോണിക് ത്രാസ്, POS മെഷീൻ, വാഹനങ്ങൾ എന്നിവ സജ്ജീകരിക്കുന്നതിനുള്ള ചിലവ് തുക, കടത്തുകൂലി, കേടുകൂടാതെ നെല്ല് സൂക്ഷിക്കുന്നതിനുള്ള ചിലവ് തുക, സംസ്കരണ കൂലി, അരി നിറയ്ക്കുന്നതിനുള്ള പുതിയ ചാക്കിന്റെ ചിലവ് തുക, മില്ലിലുള്ള കയറ്റിറക്ക് കൂലികൾ തുടങ്ങിയ ഇനങ്ങൾക്കായി ആകെ ക്വിൻറലിന് 214 രൂപ നിരക്കിൽ 11.07.2017 ലെ സ.ഉ. (കൈ) നം 15/2017/ഭ.പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചു നല്കിയിട്ടുണ്ട്. എന്നാൽ 28.10.2021 ലെ സ.ഉ.(കൈ) നം. 31/2021/ ഭ.പൊ.വിവ. പ്രകാരം മില്ലുടമകൾക്ക് നല്കി വരുന്ന പ്രോസസ്സിംഗ് ചാർജ്ജും ട്രാൻസ്പോട്ടേഷൻ ചാർജ്ജും ഉൾപ്പെടെ ക്വിന്റലിന് 214/- രൂപ എന്ന നിരക്കിൽ നിന്നും, കർഷകർക്ക് കയറ്റുകൂലിയായി 12/- രൂപ/ ക്വിന്റൽ എന്ന നിരക്കിൽ സപ്ലൈകോ നേരിട്ട് നൽകുന്നതിലേയ്ക്ക് ടി തുക കുറച്ച് മില്ലുകൾക്ക് നല്കുന്ന പ്രോസസ്സിംഗ് ചാർജ്ജ് 202/- രൂപ/ക്വിന്റലിന് എന്ന നിരക്കിൽ പുനഃനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ